പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2434

18.7.2011-ൽ മറുപടിയ്ക്ക്

തൊഴിൽ വകുപ്പിലെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ :<br>ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. എം.പി.വിൻസന്റ് :<br>ശ്രീ. വി.റ്റി.ബൽറാം : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |

(എ) തൊഴിൽ വകുപ്പിൽ 2010, 2011 കാലയളവിൽ ഏതൊക്കെ തസ്തികകളിൽ വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എങ്കിൽ എത്ര എണ്ണം വീതം;

(എ) തൊഴിൽ വകുപ്പിൽ 2010, 2011 കാലയളവിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ, എൽ.ഡി.ക്ലാർക്ക്, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്, ശിപായി, നൈറ്റ് വാച്ചർ എന്നീ തസ്തികകളിൽ ചുവടെ പറയുന്ന എണ്ണം വേക്കൻസി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| തസ്തിക | 2010 | 2011 |
|---|---|---|
| അസിസ്റ്റന്റ് ലേബർ ഓഫീസർ | 8 | 9 |
| ക്ലാർക്ക് | 70 | 4 |
| ക്ലാർക്ക്-ടൈപ്പിസ്റ്റ് | 3 | 1 |
| ടൈപ്പിസ്റ്റ് | 4 | .. |
| ശിപായി | 20 | 6 |
| നൈറ്റ് വാച്ചർ | .. | 1 |
| ആകെ | 105 | 21 |

(ബി) ഈ വേക്കൻസികളിലേയ്ക്ക് പ്രൊമോഷൻ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മേൽ പറഞ്ഞവയിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് മാത്രം താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) പ്രൊമോഷൻ നടത്താത്ത തസ്തികകൾ ഏതൊക്കെ; എത്രയെണ്ണം; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

(സി) മേൽ പറഞ്ഞവയിൽ അസി: ലേബർ ഓഫീസർ തസ്തിക ഒഴികെയുള്ളവ പ്രൊമോഷൻ തസ്തികകളല്ല.

സെക്ഷൻ ഓഫീസർ